**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ- ശ്രീമതി. ജാസ്മി ബീഗം, ശ്രീ.ജെൻസൺ എം. ജോയ് കൺസൾട്ടന്റ് & പ്രോഗ്രാം മാനേജർ ബഹു:ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 13893/2017 മേലുള്ള 12/04/2017-ലെ കോടതി നിർദ്ദേശം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3133/2017/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/09/2017**

---

പരാമർശം:-1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.04.2017 ലെ 1178/ഇ 2/2010/കെ.എസ്.എച്ച്.ഒ. നടപടിക്രമം

2. ജെൻസൺ എം ജോയ് & ജാസ്മി ബീഗം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച 09/04/2017-ലെ അപ്പീലുകൾ

3. WP(C) No. 13893/2017 മേലുള്ള ബഹു:ഹൈക്കോടതിയുടെ 12/04/2017 ലെ വിധിന്യായം

4. 28.04.2017 ലെ ധനകാര്യ എക്സ്പെൻഡിചർ (സി) വകുപ്പിന്റെ സ.ഉ.(അച്ചടി) നം.56/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവ്

5. 12.07.2017-ലെ യും 10.08.2017-ലെയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4716/ഇ 2/2017/കെ.എസ്.എച്ച്. ഒ നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

കുടുംബശ്രീ മിഷനിൽ 2008 മുതൽ കരാറടിസ്ഥാനത്തിൽ കൺസൾട്ടന്റായി ജോലി ചെയ്തിരുന്ന ശ്രീമതി ജാസ്മി ബീഗം. 2011 മുതൽ കരാറടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജരായി ജോലി ചെയ്തിരുന്ന ശ്രീ ജെൻസൺ എം ജോയ് എന്നിവരുടെ സേവനകാലാവധി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മേൽ പരാമർശം (1) നടപടി ക്രമം പ്രകാരം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) ശ്രീമതി ജാസ്മി ബീഗം. ശ്രീ ജെൻസൺ എം ജോയ് എന്നിവർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 13893/2017 കേസിലെ 12/04/2017-ലെ വിധിന്യായത്തിൽ മേൽ പരാമർശം (2) അപ്പീലുകൾ ഒരു മാസത്തിനകം പരിഗണിക്കുന്നതിനും പരാതിക്കാരെ കേൾക്കുന്നതിനും നിയമാനുസൃതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

(3) കുടുംബശ്രീ മിഷനിൽ 2008 മുതൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി ജാസ്മി ബീഗം, 2011 മുതൽ കരാറടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജരായി ജോലിചെയ്തിരുന്ന ശ്രീ ജെൻസൺ എം ജോയ് എന്നിവരുടെ സേവന കാലാവധി 31.03.2017 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ തുടർന്ന് കാലാവധി ദീർഘിപ്പിക്കുന്നത് പദ്ധതിയുടെ തടർച്ചാനുമതിയുടെയും ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർമാരുടെ ശുപാർശയുടെയും ജീവനക്കാരുടെ പ്രവർത്തന മികവും പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/08/2016 ലെ നടപടിക്രമ പ്രകാരം ഉത്തരവായിരുന്നു. പരാമർശം (1) ഉത്തരവു പ്രകാരം പ്രവർത്തന വിലയിരുത്തലിന്റെയും നേർകാഴ്ചയുടെയും അടിസ്ഥാനത്തിൽ സ്വന്തം പ്രവർത്തന മേഖലയിൽ മികച്ച സേവനം കാഴ്ച വയ്ക്കാത്തവരായ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചു വന്ന പരാതിക്കാർ ഉൾപ്പെടെ 12 പേരുടെ സേവന കാലാവധി ദീർഘിപ്പിച്ച് നൽകിയില്ല. ഇതിനെതിരെ ഇവർ പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ അപ്പീലുകൾ സമർപ്പിച്ചിരുന്നു. ടിയാന്മാരുടെ പ്രവർത്തന മികവ് വേണ്ടവിധം ഇവാല്യുവേറ്റ് ചെയ്തിട്ടില്ലായെന്നും നീതിപൂർവ്വമല്ലാത്ത സമീപനമാണ് ഇന്റർവ്യൂ ബോർഡ്

കൈക്കൊണ്ടതെന്നും ഇങ്ങനെ സംഭവിച്ചതിന്റെ കാരണവും ഇവരുടെ പ്രവർത്തന മികവ് വീണ്ടും റിവ്യൂ ആന്റ് റീഇവാലുവേറ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ടു. ബഹു.ഹൈക്കോടതിയുടെ 12.04.2017 ലെ വിധിന്യായപ്രകാരം അണ്ടർ സെക്രട്ടറിയെ ഹിയറിംഗ് ഓഫീസറായി നിയമിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 31.05.2017 ന് പരാതിക്കാരെയും കുടുംബശ്രീ ഉദ്യോഗസ്ഥരെയും സർക്കാർ നേരിൽ കേട്ടിരുന്നു. ജീവനക്കാരുടെ പ്രവർത്തനങ്ങൾ, ജില്ലാ/സംസ്ഥാന മിഷനുമായി ചേർന്ന് പ്രവർത്തിക്കാനുള്ള കഴിവ്, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ, ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ എന്നിവരിൽ നിന്നുമുള്ള ഫീഡ്ബാക്ക് തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള പരിശോധനയിലുള്ള വിലയിരുത്തലിലാണ് 150 ജീവനക്കാരുടെ കരാർ പുതുക്കി നൽകിയതെന്നും 12 കരാർ ജീവനക്കാരെ സേവനത്തിൽ നിന്ന് വിടുതൽ ചെയ്യ് തീരുമാനമെടുത്തുവെന്നും കുടുംബശ്രീ പ്രതിനിധി നേരിൽ കേട്ട അവസരത്തിൽ അറിയിച്ചു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) ലെ സർക്കാർ ഉത്തരവു പ്രകാരം കരാർ നിയമനം ഒരു വർഷത്തേയ്ക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്നും വകുപ്പ് മേധാവിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം സേവനം ദീർഘിപ്പിച്ചു നൽകാവുന്നതാണെന്നും ഈ കാലാവധിയ്ക്കു ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ മാത്രം കരാർ പുതുക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം (5)-ലെ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ പരാമർശം (2) അപ്പീലുകൾ (എക്സിബിറ്റ് പി.14, 15) പരിഗണനാർഹമല്ലെന്നും മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ അപ്പീൽ പെറ്റീഷന് ആധാരമായ സ്ക്രീനിംഗ് കമ്മിറ്റിയുടെ ഇവാലുവേഷൻ റിപ്പോർട്ടുകളും പരിശോധിച്ചതിൽ നിന്നും സ്ക്രീനിംഗ് കമ്മിറ്റിയുടെ നിഗമനങ്ങളിൽ നിന്നും ഭൂരിപക്ഷാഭിപ്രായപ്രകാരം അപ്പീൽ പരാതിക്കാർക്ക് തുടർനിയമനം നൽകാൻ യോഗ്യതയില്ല എന്നു കാണുന്നു.

(5) മേൽ സാഹചര്യത്തിൽ, ബഹു.ഹൈക്കോടതിയുടെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം പരാമർശം (2)ലെ ശ്രീമതി ജാസ്മി ബീഗം, ശ്രീ ജെൻസൺ എം ജോയ് എന്നിവരുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപ്പീൽ അപേക്ഷകൾ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ലീന. എൻ.പി**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.ജെൻസൺ എം ജോയ്, ബെതേൽ ഹൗസ്, പുതുപ്പാടി (പി.ഒ), കോഴിക്കോട്
ശ്രീമതി ജാസ്മി ബീഗം , ടി.സി.1/1103/3, ജാൻ, മോസ്ക് ലെയിൻ, കുമാരപുരം,
മെഡിക്കൽ കോളേജ് പി.ഒ.,തിരുവനന്തപുരം-11.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**